**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3106

11.12.18 - ൽ മറുപടിക്ക്.

**പള്ളിപ്പുറം മുതൽ ഞാണ്ടൂർക്കോണം വരെ ഔട്ടർ റിംഗ് റോഡ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ബി. സത്യൻ | | ശ്രീ. എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) | വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് കണ്ടയ്നർ ഗതാഗതം സുഗമമാക്കാനായി പള്ളിപ്പുറം മുതൽ ഞാണ്ടൂർക്കോണം വരെ ഔട്ടർ റിംഗ് റോഡ് നിർമ്മാണം പരിഗണനയിലുണ്ടോ; | (എ) | പള്ളിപ്പുറം - ഞാണ്ടൂർക്കോണം എന്നീ പ്രദേശങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് വിഴിഞ്ഞം മുതൽ പാരിപ്പള്ളി വരെയുള്ള ഔട്ടർ റിംഗ് റോഡ് നിർമ്മാണം പരിഗണനയിലുണ്ട്. |
| (ബി) | എത്ര മീറ്റർ വീതിയാണ് റോഡിനായി ഉദ്ദേശിക്കുന്നത്; നിർവ്വഹണ ചുമതല ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത്; | (ബി) | 70 മീറ്റർവരെയാണ് വീതി ഉദ്ദേശിക്കുന്നത്. നിർവ്വഹണ ചുമതല CRDP യ്ക്കാണ്. റോഡിന്റെ സർവ്വേ നടത്തുന്നതിനായി IL & FS Township & Urban Assets Ltd. നേയും, Social Impact Study (SIA), Economi Impact Study (EIA) എന്നിവ നടത്തുന്നതിനായി L&T Infrastructure Eng. Ltd. നേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ചുമതലയേറ്റ ഏജൻസി ഏതെങ്കിലും ജോലികൾക്കായി പദ്ധതി പ്രദേശത്ത് ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ: ഇവർ പൊതുജനങ്ങൾക്ക് ആശങ്ക സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ചുമതലയേറ്റ ഏജൻസികൾ അവരെ ഏല്പിച്ച സർവ്വേകൾ നടത്തിവരികയാണ്. ഇവർ പൊതുജനങ്ങൾക്ക് ആശങ്ക സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ